## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3947 15.03.2017 ൽ മറുപടിയ്ക്ക്**

### അനർട്ടിന്റെ 'സോളാർ ഗ്രിഡ്', 'സോളാർ സ്മാർട്ട് ' പദ്ധതികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | അനർട്ടിന്റെ 'സോളാർ ഗ്രിഡ്', 'സോളാർ സ്മാർട്ട് ' എന്നീ പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സബ്സിഡി എത്രയെന്ന് വിശദമാക്കാമോ; ഇവ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | അനെർട്ട് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികളായ സോളാർ കണക്ട് (ഗ്രിഡ് കണക്ടഡ്), സോളാർ സ്മാർട്ട് എന്നിവയ്ക്കുള്ള സർക്കാർ സബ്സിഡി താഴെപ്പറയും പ്രകാരമാണ്.<br>**സോളാർ കണക്ട് (ഗ്രിഡ് കണക്ടഡ്)**<br>കേന്ദ്ര സബ്സിഡി - ഏറ്റവും കുറഞ്ഞ വിലയുടെ 30% മോ 22,500/- രൂപയോ (ഒരു കിലോവാട്ടിന്) ഏതാണോ കുറവ് അത്.<br>സംസ്ഥാന സർക്കാർ സബ്സിഡി - ഒരു കിലോവാട്ടിന് 7200/- രൂപ<br>**സോളാർ സ്മാർട്ട് (ഓഫ്ഗ്രിഡ്)**<br>കേന്ദ്ര സബ്സിഡി - ഒരു കിലോവാട്ടിന് 45,000/- രൂപ<br>സംസ്ഥാന സബ്സിഡി - ഒരു കിലോവാട്ടിന് 22,500/- രൂപ<br>സർക്കാർ ഉത്തരവ്, നം. 242/16/ഊ.വ. തീയതി 2.12.2016, MNRE-യുടെ കത്തുകൾ എന്നിവയുടെ പകർപ്പ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതിയെ കുറിച്ച് ദൃശ്യ, പത്ര മാധ്യമങ്ങൾ വഴി എന്നാണ് പൊതുജനത്തെ അറിയിച്ചത്; മാധ്യമ പരസ്യങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | അനെർട്ടിന്റെ വെബ്സൈറ്റിൽ 3 ഡിസംബർ 2016 ന് ആപ്ലിക്കേഷൻ ഫോറം പ്രസിദ്ധീകരിച്ചു 18.1.2017-ൽ ആദ്യ പത്രപരസ്യം നൽകി. പരസ്യങ്ങളുടെ പകർപ്പ് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി എന്നാണ് കമ്പനികളെ എംപാനൽ ചെയ്തത്; കേന്ദ്ര- | (സി) | 30.12.2016 ലാണ് എംപാനൽ ചെയ്ത ഏജൻസികളുടെ ആദ്യ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത്. എം.എൻ.ആർ.ഇ യുടെ ചാനൽ പാർട്ണേഴ്സിൽ നിന്ന് |

| | | | |
|---|---|---|---|
| | സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചാണോ കമ്പനികളെ എംപാനൽ ചെയ്തത്; പത്ര പരസ്യത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | Eol വിളിച്ചാണ് കമ്പനികളെ എംപാനൽ ചെയ്തത്. കമ്പനികളെ എം.എൻ.ആർ.ഇ യുടെ വെബ്സൈറ്റ് ലഭ്യമായ ലിസ്റ്റ് പ്രകാരം അറിയിക്കുകയും കൂടാതെ All India level ൽ പരസ്യം നൽകുകയും ഉണ്ടായി. ഇതിന്റെ പകർപ്പ് അനുബന്ധം 3 – ൽ ചേർത്തിരിക്കുന്നു. |
| (ഡി) | ദൃശ്യ പത്ര മാധ്യമങ്ങളിൽ പരസ്യം കൊടുക്കുന്നതിനു മുമ്പ് രണ്ട് പദ്ധതികൾക്കും സ്വീകരിച്ച എല്ലാ അപേക്ഷകളുടേയും പേരും വിലാസവും, എത്ര കിലോവാട്ട്, എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ; ആകെ രണ്ട് പദ്ധതിക്കുമായി എത്ര മെഗാവാട്ടിനാണ് അപേക്ഷ സ്വീകരിച്ചത്; | (ഡി) | അനെർട്ടിന്റെ വെബ്സൈറ്റിൽ 3 ഡിസംബർ 2016 ന് അപേക്ഷാഫാറം പ്രസിദ്ധപ്പെടുത്തിയതിനുശേഷമാണ് അനെർട്ടിൽ അപേക്ഷ ക്ഷണിച്ചു തുടങ്ങിയത്. ആദ്യ പത്രപരസ്യം 18.1.2017 വരുന്നതിനുമുമ്പ് സോളാർ കണക്ടിന് നാൽപ്പത്തിയഞ്ച് അപേക്ഷയും സോളാർ സ്മാർട്ടിന് 118 അപേക്ഷയുമാണ് ലഭിച്ചിട്ടുള്ളത്. ആകെ രണ്ട് പദ്ധതിക്കുമായി എത്ര മെഗാവാട്ടിനാണ് അപേക്ഷ സ്വീകരിച്ചതെന്ന വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | കമ്പനികളെ എംപാനൽ ചെയ്യുന്നതിന് മുൻപും തുക നിശ്ചയിക്കുന്നതിന് മുൻപും എങ്ങനെയാണ് അപേക്ഷകൾ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ? | (ഇ) | പദ്ധതി നടത്തിപ്പിനുള്ള താമസം ഒഴിവാക്കാനായി ഏകദേശ വിലയും സബ്സിഡിയും പ്രസിദ്ധപ്പെടുത്തി താത്പര്യമുള്ള ഗുണഭോക്താക്കളുടെ അപേക്ഷ സ്വീകരിക്കുകയാണ് ചെയ്തത്. |

സെക്ഷൻ ആഫീസർ